# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 4260 24.06.2019 -ൽ മറുപടിക്ക്

## പുതിയ തൊഴിലവസരങ്ങൾ

| ചോദ്യം<br>ശ്രീ വി.എസ്.ശിവകുമാർ | | ഉത്തരം<br>ശ്രീ. ടി.പി. രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തിയ ശേഷം എത്ര പുതിയ തൊഴിൽ സംരംഭങ്ങൾ ആരംഭിച്ചെന്ന് വിശദമാക്കാമോ; | (എ) | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള തൊഴിൽരഹിതർക്ക് വകുപ്പ് മുഖാന്തിരം നാല് സ്വയം തൊഴിൽ പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഈ പദ്ധതികൾ പ്രകാരം നാളിതുവരെ ആരംഭിച്ച തൊഴിൽ സംരംഭങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു. |

| പദ്ധതി | സ്വയം തൊഴിൽ സംരംഭങ്ങൾ |
|---|---|
| കെസ്റു (കേരള സ്റ്റേറ്റ് സെൽഫ് എംപ്ലോയ്മെന്റ് സ്കീം ഫോർ രജിസ്റ്റേർഡ് അൺ എംപ്ലോയ്ഡ്) ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന വ്യക്തിഗത/സംയുക്ത സ്വയംതൊഴിൽ പദ്ധതി | 2180 |
| മൾട്ടി പർപ്പസ് സർവ്വീസ് സെന്റേഴ്സ്/ ജോബ്ക്ലബ്ബ് (ബാങ്കുമായി ബന്ധപ്പെട്ട് നടപ്പിലാക്കുന്ന സംയുക്ത സ്വയം തൊഴിൽ പദ്ധതി) | 219 |
| ശരണ്യ (അശരണരായ വനിതകൾക്ക് മാത്രമായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടത്തുന്ന സ്വയം തൊഴിൽ പദ്ധതി) | 10554 |
| കൈവല്യ (ഭിന്നശേഷിക്കാർക്കായി എംപ്ലോയ്മെന്റ് വകുപ്പ് നേരിട്ട് നടപ്പാക്കുന്ന സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി) | 985 |
| ആകെ | 13,938 |

| | | | |
|---|---|---|---|
| (ബി) | തൊഴിൽ മേഖലയിൽ നൂതനമായ ടെക്നോളജി ഉപയോഗപ്പെടുത്തി ഏതെങ്കിലും പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാൻ ഈ സർക്കാരിന് സാധിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | ഗവൺമെന്റ് ഐ.ടി പാർക്കുകളിൽ, നേരിട്ടും ഉപസംരംഭകർ മുഖേനയും ഏകദേശം 175 ലക്ഷം ചതുരശ്ര അടി അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചുകൊണ്ട് 774 കമ്പനികളിൽ നിന്നും പുതുതായുള്ള ഏകദേശം 15922 തൊഴിലവസരങ്ങൾ ഉൾപ്പെടെ ഏകദേശം 98550 പേർക്ക് പ്രത്യക്ഷമായും, ഇതിന്റെ മൂന്നിരട്ടി പരോക്ഷമായും തൊഴിലവസരങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. വൻകിട വിദേശ കമ്പനികളെ ആകർഷിക്കാൻ കഴിഞ്ഞതിന്റെ ഭാഗമായി ഗവ: ഐടി പാർക്കുകളിൽ പുതുതായി അവരുടെ വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഐ.ഐ.ഐ.ടി.എം കേരള (IIITMK)യിൽ വിവരസാങ്കേതിക രംഗത്തെ അതിനൂതന സാങ്കേതിക വിദ്യകളെ അടിസ്ഥാനമാക്കി നടത്തുന്ന ബിരുദാനന്തര ബിരുദ കോഴ്സുകളും ഗവേഷണ പദ്ധതികളും പൂർത്തീകരിച്ചവർക്ക് വിവരസാങ്കേതിക രംഗത്ത് , സ്വദേശത്തും വിദേശത്തും തൊഴിൽ അവസരങ്ങൾ ലഭിക്കുന്നുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 300 ൽ പരം പേർക്ക് ഇത്തരം തൊഴിൽ അവസരം ലഭ്യമാക്കിയിട്ടുണ്ട്. കൂടാതെ ഐ.ഐ.ഐ.ടി.എം കേരളയുടെ "കേരള ബ്ലോക്ക് ചെയിൻ" അക്കാദമി വഴി ധാരാളം പുതിയ തൊഴിലവസരങ്ങളും സൃഷ്ടിക്കാൻ സാധിക്കുന്നുണ്ട്.<br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവർത്തനമാരംഭിച്ച കൊല്ലം ജില്ലയിലെ ചവറയിലെ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആൻഡ് കൺസ്ട്രക്ഷൻ അക്കാഡമിയുടെ (IIIC) പ്രഥമ ബാച്ചിൽ നിന്നും പഠനം പൂർത്തിയാക്കിയ 54 പേരിൽ 45 പേർക്കും IIIC മുഖേന തൊഴിൽ ലഭ്യമാക്കി. |

**സെക്ഷൻ ഓഫീസർ**